**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 293** | **01-02-2023 - ൽ മറുപടിയ്ക്ക്**

**മുൻഗണനാ റേഷൻകാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതായി റേഷൻകാർഡിന് അപേക്ഷിക്കുന്നവർക്ക് വെള്ളക്കാർഡുകൾ മാത്രം ഇഷ്യൂ ചെയ്തുവരുന്നതുമൂലം അർഹതയുള്ള പല കുടുംബങ്ങൾക്കും മുൻഗണന നഷ്ടപ്പെടുകയും സഹായങ്ങൾ ലഭിക്കാതെ പോകുന്നതുമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. പുതിയ റേഷൻ കാർഡ് അനുവദിക്കുമ്പോൾ പൊതുവിഭാഗം (വെള്ള) കാർഡാണ് നൽകിവരുന്നത്. എന്നാൽ എ.എ.വൈ, പി.എച്ച്.എച്ച് കാർഡുകളിൽ നിന്നും അംഗങ്ങളെ മാറ്റി പുതിയ കാർഡ് അനുവദിക്കുമ്പോൾ മുൻഗണന കാർഡ് നൽകി വരുന്നു.<br><br>പൊതുവിഭാഗം കാർഡുകൾ മുൻഗണനയിലേക്ക് മാറ്റുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച്, അദാലത്ത് നടത്തി, ക്ലേശ ഘടകങ്ങൾക്ക് മാർക്ക് നൽകി 30-ഓ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളുടെ സപ്ലിമെന്ററി പട്ടിക തയ്യാറാക്കി ആയത് പൊതുവിതരണ കമ്മീഷണറുടെ അംഗീകാരത്തിന് വിധേയമായി ഒഴിവുകൾ ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി പ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. |
| (ബി) | മാരകരോഗം ബാധിച്ചവർ, വിധവകൾ തുടങ്ങിയ അംഗങ്ങളുള്ള അർഹരായ കുടുംബങ്ങൾക്ക് മുൻഗണനാ കാർഡ് അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | മുൻഗണനാ വിഭാഗത്തിലേയ്ക്കുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടുവരാത്തതും വിധവ ഗൃഹനാഥയായതോ(21 വയസ്സിനു മുകളിൽ പ്രായമായ പുരുഷൻമാർ ഇല്ലാത്ത), ഗുരുതര ശാരീരിക മാനസിക വൈകല്യമുള്ളതോ ആയ അംഗങ്ങൾ ഉൾപ്പെട്ടു വരുന്നതോ ആയ കുടുംബങ്ങളെ പരിശോധനയ്ക്ക് വിധേയമായി അർഹതയുള്ള പക്ഷം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുന്നു. കൂടാതെ ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടതും ഗുരുതര രോഗം, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് യോഗ്യമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിശോധിച്ച് അർഹതയുള്ള പക്ഷം ടി കുടുംബങ്ങളുടെ റേഷൻ കാർഡുകൾ മുൻഗണനയിലേക്ക് പരിവർത്തനം |

| | | | |
|---|---|---|---|
| | | | ചെയ്യാൻ 27/10/2020 ലെ സ.ഉ.(സാധാ)നം.319/2020/ ഭ.പൊ.വി.വ പ്രകാരം സിവിൽ സപ്ലൈസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ രോഗം ബാധിച്ചതുമൂലം സാമ്പത്തികമായി തകർന്ന മുൻഗണനേതര വിഭാഗങ്ങൾക്ക് ചികിത്സാ രേഖകളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ അനുമതി പ്രകാരം ചികിത്സാ ആനുകൂല്യം ലഭിക്കുന്നതിനായി മാത്രം ടി കുടുംബങ്ങളുടെ റേഷൻ കാർഡുകളിൽ "സ്റ്റേറ്റ് പ്രയോറിറ്റി" സീൽ പതിച്ച് നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ